9 -ാം വർഷം
2025
ഏപ്രിൽ 18
പീഡാനുഭവവെള്ളി



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# കുത്തിതുറക്കപ്പെട്ട ചങ്കും ഉടയാത്ത അസ്ഥിയും

## നിലവിളിച്ച് മരിച്ച ദൈവം

വനവാസത്തിൻ രാമൻ തന്റെ അമ്പും വില്ലും ഒരു മരപ്പൊത്തിൽ കുത്തിവെച്ച് , പുഴയിലേക്ക് ഇറങ്ങി. തിരികെ വന്നപ്പോൾ കണ്ടു ഒരു തവളയുടെ വായിൽ ആണ് താൻ ആയുധം കുത്തിവെച്ചതെന്ന്. ”അമ്പു കൊണ്ടപ്പോൾ നിനക്ക് നിലവിളിക്കാമായിരുന്നില്ലേ, എങ്കിൽ ഞാൻ ഈ അപരാധം ചെയ്യില്ലായിരുന്നല്ലോ' എന്ന് സങ്കടപ്പെട്ട രാമനോട് തവള പറഞ്ഞു. 'ചെറുപ്പം തൊട്ട് എന്റെ അമ്മ പറഞ്ഞിട്ടുണ്ട്, എന്തെങ്കിലും ആപത്ത് പറ്റുമ്പോൾ വിളിക്കേണ്ട നാമം രാമന്റേതാണെന്ന്. അതേ രാമൻ ആപത്ത് വെച്ച് നീട്ടുമ്പോൾ ഞാൻ ആരെ വിളിച്ചു കരയാനാണ്?”

ദൈവപുത്രൻ നിലവിളിച്ച് മരിച്ചു എന്ന് വേദപുസ്തകം പറയുന്നു. പാപം ചെയ്യാത്തവനെ പാപത്തിന്റെ ഫലമായ മരണത്തിലൂടെ കടത്തി വിട്ട ദൈവം. ഭൂമി പിളർക്കുമാറ് കരയാതെ അയാൾ എന്ത് ചെയ്യും! ദൈവത്തോട് പുലർത്തേണ്ട സ്വാതന്ത്ര്യമായും ഈ നിലവിളിയെ കണക്കാക്കുന്നുണ്ട്. ശൈശവത്തിൽ നിന്നുള്ള വളർച്ചയുടെ വഴികളിൽ, കുഞ്ഞുങ്ങൾ നിലവിളികൾക്ക് ഫുൾസ്റ്റോപ്പിടുന്നത് പോലെ, ദൈവത്തോടുള്ള നിലവിളിയിലും മാനുഷികമായ ചിന്തകൾ എവിടയോ നമ്മെ തടസ്സപ്പെടുത്തുന്നുണ്ട്. അകത്തും പുറത്തും ഇരുൾ വീഴുമ്പോൾ നിസ്സഹായനായ മനുഷ്യൻ നിലവിളിക്കാതെ മറ്റെന്താണ് വഴി? കലഹിക്കാനും തള്ളിപ്പറയാനും മറുതലിക്കാനും ദൈവമല്ലാതെ മറ്റാരുണ്ട്? ദൈവ-



മരിയ റാൻസം

മനുഷ്യബന്ധം ജൈവികമാകുമ്പോൾ മാത്രമാണ് ഇത് സംഭവിക്കുക.

അനാവശ്യ മാമൂലുകൾ കെട്ടിത്തൂക്കി ഉടയവന് ആവശ്യപ്പെടുന്നതിലും അധികം കനം കൊടുക്കാതെ ജീവിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ, ദൈവത്തെ പുലയാട്ടാനുള്ള സ്വാതന്ത്ര്യം ഇന്നും നിലനിൽക്കുന്നുണ്ടല്ലോ?

എല്ലാറ്റിലും ആവശ്യത്തിലും അധികം മസിലു പിടുത്തം ശീലമാക്കിയ നമുക്ക് — സൈലൻസർ ഘടിപ്പിക്കാതെ — മനസ്സുകൊണ്ടെങ്കിലും ബഹളം വയ്ക്കാനും, അലറി കരയാനും, ഒറ്റക്കായി പോയെന്ന് പതം പറയാനും, ഒരു ഗെത്സെമിൻ തോട്ടം സ്വയം ഒരുക്കേണ്ടതുണ്ട്. മറയും കറയും ഇല്ലാതെ തമ്പുരാന് മുൻപിൽ നിൽക്കാൻ ഒരൽപ്പം സമയവും സ്ഥലവും സ്വയം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞാൽ, മനസ്സറിഞ്ഞ് ബോധ്യത്തോടെ ഓരോ നിമിഷവും ജീവിക്കാൻ കഴിയുമെന്നത് പരീക്ഷിച്ചറിഞ്ഞ അനുഭവം കൂടിയാണ്. ഒരു ചുവട് വയ്ക്കാൻ കഴിയാത്ത വിധം തളർന്നു പോകുമ്പോഴും ചോരവിയർക്കുമ്പോഴും, വീഴാതെ മുന്നോട്ട് പോകാനും ഏൽപ്പിക്കപ്പെട്ടവയെല്ലാം വിശ്വസ്തതയോടെ നിറവേറ്റാനും, അവനും നിലവിളിച്ചിരുന്നു എന്ന സാന്ത്വനം മാത്രം മതിയാകുമല്ലോ.

## സംഘം ചേർന്ന മനുഷ്യർ ഹിംസയാണ്

ആൾക്കൂട്ടത്തിന്റെ ചോരക്കൊതിക്ക് ആദിപൂർവ്വികരോളം തന്നെ പഴക്കമുണ്ടാവാം. കാരണം മനുഷ്യർ ആദ്യമായി സംഘം ചേർന്നത് തന്നെ വേട്ടയാടാനായിരുന്നിരിക്കാം. മനസ്സിലാക്കാൻ പൊതുവേ പ്രയാസമേറിയ ഒന്നാണ് ആൾക്കൂട്ടത്തിന്റെ മനസ്സ്.

ഈശോയുടെ മരണം, മത - രാഷ്ട്രീയ നേതൃത്വം ഒരുപോലെ ആഗ്രഹിച്ചിരുന്നുവെങ്കിലും, അവനെ മരണ ശിക്ഷക്ക് ഏൽപ്പിച്ച് കൊടുത്തത് അവരല്ല. അത് ചെയ്തത് ആൾക്കൂട്ട മാണ്. മരിച്ച ലാസറിനെ ഈശോ ഉയിർപ്പിച്ചതറിഞ്ഞ് ഒരു വലിയ ഗണം അവനെ അനുഗമിക്കുന്നു. അവർ ഒലിവിൻ ചില്ലകൾ വീശി, പുറങ്കുപ്പായം അഴിച്ച് പരവതാനി ഒരുക്കി അവന് ഓശാന പാടി. ഓശാന ഞായറിന് ശേഷമുള്ള ദിവസങ്ങളിലെ കുർബാന മധ്യേയുള്ള സുവിശേഷ വായനയിൽ നമുക്ക് കാണാം, ഈശോയെ അനുഗമിച്ച ഈ ആൾകൂട്ടത്തിന്റെ സ്വഭാവം സാവധാനത്തിൽ മാറുന്നത് വ്യക്തമായി യോഹന്നാൻ ശ്ലീഹ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് കാരണമായി പറയുന്നത് പ്രധാന പുരോഹിതനായ കയ്യാഫാസിന്റെ പ്രസ്താവന — ജനം മുഴുവൻ നശിക്കാതിരിക്കാനായി ഒരുവൻ മരിക്കുന്നത് യുക്തമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ (യോഹ 11:50) ആണെന്ന് പറയപ്പെടുന്നുണ്ട്. ഇതറിഞ്ഞ് പരസ്യസഞ്ചാരം ഒഴിവാക്കിയ ഇശോയെ, അധികാരികൾക്കുവേണ്ടി ജനങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു.

ഭൂമിയിലെ അധികാരികളെ പ്രീണിപ്പിക്കാൻ വേണ്ടി, സ്വർഗ്ഗത്തിൽ നിന്നുള്ളവനെ ഒറ്റിക്കൊടുക്കാൻ കൂട്ടംകൂടുന്ന മനുഷ്യർ. വാസ്തവത്തിൽ

ആൾക്കൂട്ടത്തിന്റെ ഭാഗമായി തീരുന്ന ഒരുവൻ, ഒഴുക്കിൽ വേരുകളറ്റ് പോയ മരത്തിന് സമം ആണ്. വ്യക്തിപരമായ താൽപര്യം, ആൾക്കൂട്ടത്തിന്റെ ഒഴുക്കിൽ നഷ്ടപ്പെട്ട് പോകും. അത്ഭുതങ്ങളിൽ അഭിരമിച്ചവർ മാത്രമല്ല, ഈശോക്ക് വേണ്ടി മരിക്കാൻ വരെ തയ്യാറായ ശിമയോൻ പോലും ഈ ആൾക്കൂട്ടത്തിന്റെ ഒഴുക്കിൽ പെട്ട് പോകുന്നു. ജനക്കൂട്ടം ഒരൊറ്റ സ്വരമായി ആർത്തു വിളിച്ചു, **അവനെ ക്രൂശിക്കുക!**

സർവ്വാധിപനായവനോട് മാത്രമേ കൂറു പുലർത്തു എന്ന് ഉറപ്പിച്ച ജീവിതങ്ങളെ, ഇന്നും മുഖമില്ലാത്ത ആൾക്കൂട്ടം കുരിശിൽ കയറ്റാൻ തന്ത്രങ്ങൾ മെനയുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സംഘം ചേരലുകൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഗതികെട്ടവരെയും ശബ്ദിക്കാത്തവരെയും ഇനിയും അവഗണിക്കരുത്.

ഭയം കൊണ്ടല്ല അവർ മിണ്ടാതിരിക്കുന്നത്, ദൈവമാരെന്ന് നന്നായി അറിയാവുന്നത് കൊണ്ട് തന്നെയാണ് സഖേ??

## രൂപാന്തരം പ്രാപിച്ച ദൈവം

കുട്ടനാട്ടിലേക്ക് മലവെള്ളം കുത്തിയൊഴുകി എത്തുമ്പോൾ വരമ്പുകൾ പൊട്ടി കൃഷി നശിക്കുമെന്ന് കണ്ടാൽ, ചെളിക്കൊപ്പം മനുഷ്യനെ ജീവനോടെ ചേർത്ത് വച്ച് മട ഉറപ്പിക്കുമായിരുന്നത്രെ. നാടിന് വേണ്ടി ഇത്തരത്തിൽ ജീവിതം ബലി കഴിച്ച ആത്മാക്കൾക്കായി മുടങ്ങാതെ തിരി തെളിയിക്കുന്ന അമ്പലം കണ്ടത് മങ്കൊമ്പിലാണ്. ഡാമുകൾക്കും പാലങ്ങൾക്കും ഉറപ്പേകാൻ, കുമ്മായ ചാന്തിൽ കുഞ്ഞുങ്ങളുടെ ചോര ചേർക്കാൻ, പിള്ളാര് പിടുത്തക്കാർ വരുമെന്ന് പേടിച്ചിരുന്ന കുട്ടിക്കാലം ഓർമ്മയിലുണ്ട്. എന്തിനും ദൃഢത കിട്ടണമെങ്കിൽ ചില അടിസ്ഥാന ബലികൾ ആവശ്യമുണ്ടെന്ന തിരിച്ചറിവ് കിട്ടിയത് പിന്നീടാണ്. **ഇപ്രകാരം മനുഷ്യൻ നിത്യനാശ ത്തിലേക്ക് വീണു പോകാതിരിക്കാൻ വേണ്ടി സ്വപുത്രനെ , മണ്ണോട് ചേർത്ത് വിണ്ണിലെ ദൈവം ചിറകെട്ടിയ ദിവസമാണ് ദുഃഖവെള്ളി.** ആ വരമ്പ് തീർക്കുന്ന സുരക്ഷിതത്വത്തിനകത്ത് ജനിക്കാനും, ജീവിക്കാനുമായി എന്നേയും നിങ്ങളേയും തിരഞ്ഞെടുത്ത നല്ല ദൈവമേ നിന്റെ തിരുനാമത്തിന് സ്തുതി.

അൽപ്പം മുൻപ് വായിച്ചു കേട്ട പീഡാനുഭവ ചരിത്രമുൾപ്പെടെയുള്ള ഇന്നത്തെ വായനകളെല്ലാം തന്നെ ബലിയുമായി ബന്ധപ്പെടുന്നവയാണ്. വേദപുസ്തകത്തിൽ ബലിയെ കുറിച്ചുള്ള ആദ്യ പരാമർശം ആട്ടിടയനായ ആബേലിന്റേതും കൃഷിക്കാരനായ കായേന്റേതുമാണ്. ദൈവ കൽപ്പന അനുസരിച്ച് അബ്രഹാം തന്റെ വാർദ്ധക്യത്തിൽ ജനിച്ച ഏക പുത്രനായ ഇസഹാക്കിനെ ബലിയർപ്പിക്കാനായി ഒരുക്കുന്ന സന്ദർഭത്തിൽ, ബലിക്കല്ലിനോട് ചേർത്ത് കെട്ടിയ ഇസഹാക്ക് കുതറുകയോ പരിഭ്രാന്തനാവുകയോ ചെയ്യുന്നില്ല. നരബലി പോലും നിലനിന്നിരുന്നു എന്നതിന്റെ സൂചനയായി ഇതു കണക്കാക്കപ്പെടുന്നുണ്ടത്രെ.

മനുഷ്യന്റെ അധ്വാനഫലത്തിൽ നിന്നും ഏറ്റം നല്ലത് മാത്രം സ്വീകരിച്ചിരുന്ന - തന്റെ സൃഷ്ടികളായ ആ പ്രജകളുടെ ശരീരത്തിൽ പരിച്ഛേദനം കൽപ്പിച്ച - സർവ്വത്തിന്റെയും ഉടയോനും ബലികളിലൂടെ മാത്രം സംപ്രീതനുമാകുന്ന ദൈവത്തെയാണ് പഴയ നിയമത്തിലുടനീളം നമ്മൾ കണ്ടുമുട്ടുന്നത് .



അസഹിഷ്ണുവും ക്ഷിപ്രകോപിയുമായ ദൈവം. തന്നെ പരിത്യജിച്ച് വഴിമാറി സഞ്ചരിച്ച മനുഷ്യരെ ശത്രുകരങ്ങളിൽ ഏൽപ്പിച്ചും, പ്രവാചകരെ അയച്ച് താക്കീത് നൽകിയും, നേർവഴി പാലിക്കാത്തവരെ കഠിന ശിക്ഷകൾക്ക് വിധേയരാക്കിയുമൊക്കെ — നിരന്തരമായി അവരെ പിൻതുടരുന്നു. അവിശ്വസ്തത - ശിക്ഷ - രക്ഷ എന്ന ക്രമത്തിലാണ് പഴയ നിയമം ക്രമീകരിക്കപ്പെട്ടതെങ്കിൽ, പുതിയ നിയമം ആരംഭിക്കുന്നത് പ്രതീക്ഷയിലാണ്. ജനത്തിന്റെ അവിശ്വസ്തതകളിൽ, രൗദ്രഭാവം പൂണ്ട് മുച്ചൂടും മുടിക്കുന്ന ദൈവം, മനുഷ്യനോടുള്ള നവ്യ സ്നേഹം മാത്രമായി രൂപാന്തരം പ്രാപിച്ചു എന്നതാണ് യത്ഥാർത്ഥ സുവിശേഷം.

ഭൂമിയിലെ വേദനകളെ കുറിച്ച് വ്യക്തമായ ധാരണകളുള്ള ശുദ്ധോദന മഹാരാജാവ്, രോഗവും വാർദ്ധക്യവും ശാരീരികവും മാനസികവുമായ പീഡകളും മരണവും കാണാനിടവരാതെ തന്റെ പുത്രനായ സിദ്ധാർത്ഥ രാജകുമാരനെ പരിപാലിച്ച കഥ നമുക്കറിയാം.

എന്നാൽ മേൽപ്പറഞ്ഞ കഥയിൽ നിന്ന് നേർ വിപരീതമായി, മനുഷ്യ നോടുള്ള നവ്യ സ്നേഹത്തിന്റെ പൂർണ്ണതയിൽ സ്വന്ത പുത്രനെ തന്നെ മനുഷ്യനായി ഭൂമിയിലേക്കയച്ച് — ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ അനുഭവിക്കാനിടയുള്ള എല്ലാ വേദനകളും അനുഭവിക്കാൻ വിട്ട് നൽകുന്നതിലൂടെ — സ്വർഗ്ഗവും വാനനിവാസികളും സ്വയം ഈ ബലിയുടെ വേദനകളിലൂടെ കടന്നുപോയിട്ടുമുണ്ടാവും . **ഭൂമിക്കുവേണ്ടി സ്വർഗ്ഗം സ്വയം ഏറ്റെടുത്ത ബലിയാണ് ദു:ഖവെള്ളി**

ഈ ബലിയുടെ മുദ്രകൾ പിന്നീട്, ഭൂമിയിലെമ്പാടുമുള്ള മനുഷ്യരുടെ ഹൃദയത്തിൽ പതിച്ചു കിട്ടി എന്നതിന് തെളിവായി എണ്ണിയാലൊടുങ്ങാത്ത സന്യസ്തരും പുരോഹിതരും ജീവിത പരിസരങ്ങളെ അഴകുള്ളതാക്കി തീർത്ത മനുഷ്യരും മിശിഹായായി തീർന്ന രാഷ്ട്രതലവന്മാരും സാമൂഹ്യ പരിഷ്ക്കർത്താക്കളും ഒക്കെ നമുക്ക് മുന്നിലുണ്ട്. **കൂടെയുള്ളവർ ചിതറിതെറിച്ച് നാശത്തിലേക്ക് പോകാൻ സാധ്യതയുള്ളിടത്തെല്ലാം അവരെ ഒരുമിപ്പിച്ച് ചിറകെട്ടാൻ സ്വയം ബലിയായി തീരുന്ന മനുഷ്യരാണ് ഇന്നും അധികാരികളാൽ അർധരാത്രിയുടെ ഇരുട്ടിലൂടെ വലിച്ചിഴയ്ക്കപ്പെടുന്നത്**

അടി മുതൽ മുടി വരെ ചതഞ്ഞരഞ്ഞ്, പൊതിച്ചോറു കണക്ക് ക്രൂശിൽ മരിച്ചവന്റെ അസ്ഥികളിൽ ഒന്നും പോലും ഒടിഞ്ഞിരുന്നില്ല, പക്ഷെ ചങ്ക് കുത്തി തുറക്കപ്പെട്ടിരുന്നത്രെ. ഭൂമിയുടെ താൽപര്യങ്ങൾക്ക് വേണ്ടി വളയാത്ത നട്ടെല്ലും സഹജർക്ക് വേണ്ടി തുറക്കപ്പെട്ട ചങ്കുമായി മരിച്ചവനെ പിൻതുടരാനാണ് നമ്മുടെ വിളി. അവന്റെ കൃപയാൽ അത് സാധ്യമാവട്ടെ, ആമേൻ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com